# നീര: ചെത്ത് തൊഴിലാളി യൂണിയനുകളുമായി ചർച്ച

**മഹേഷ് ഗുപ്തൻ**

തിരുവനന്തപുരം● തെങ്ങിൽ നിന്നു നീര ഉൽപാദിപ്പിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ടു ചെത്ത് തൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ യൂണിയൻ പ്രതിനിധികളുമായി ചർച്ചയ്ക്കു സർക്കാർ തീരുമാനിച്ചു. കള്ളു ചെത്തു വ്യവസായത്തിന്റെ ആധുനികീകരണത്തിനും നീര ഉൽപാദനത്തിനുമായി നീര–കള്ള് വികസനബോർഡ് രൂപീകരിക്കണമെന്ന വിദഗ്ധസമിതി ശുപാർശ പഠിക്കാൻ നികുതി സെക്രട്ടറിയെ ചുമതലപ്പെടുത്താനും മന്ത്രി കെ. ബാബുവിന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം തീരുമാനിച്ചു. അബ്കാരി നിയമത്തിലെ നീര റൂൾസിൽ ഭേദഗതി ഉൾപ്പെടെ വിദഗ്ധ സമിതി ശുപാർശകൾ യോഗം അംഗീകരിച്ചു. നീരയെ അബ്കാരി നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന നാളികേര ബോർഡിന്റെ അഭ്യർഥന പരിഗണിച്ചില്ല.

നീര ഉൽപാദനത്തെക്കുറിച്ചു പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതിയിൽ ഐഎൻടിയുസി, സിഐടിയു, എഐടിയുസി, ബിഎംഎസ് യൂണിയനുകളുടെ പ്രതിനിധികൾ ഉണ്ടായിരുന്നു. സമിതി സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ ഇവർ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. സമരം തുടങ്ങുമെന്നു ചില യൂണിയനുകൾ പ്രഖ്യാപിച്ച സാഹചര്യത്തിലാണു വീണ്ടും ചർച്ച. നാളികേര ബോർഡിൽ റജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്കും അവയുടെ ഫെഡറേഷനുകൾക്കും നീര ഉൽപാദിപ്പിക്കാൻ അനുമതി നൽകും. അടുത്ത ഏപ്രിലിൽ ആസിയാൻ കരാർ നിലവിൽ വരുമെന്നതിനാൽ അതിനു മുൻപേ നീര ഉൽപാദനം തുടങ്ങണമെന്ന സമിതി ശുപാർശയും അംഗീകരിച്ചു. കേരളത്തിലെ 40 ലക്ഷം കേരകർഷകർക്കു നീര വരുമാനമാർഗമാകുമെന്നാണു സമിതി റിപ്പോർട്ട്.